ഭരണഭാഷ-മാതൃഭാഷ

നഗരഗ്രാമാസൂത്രണ വകുപ്പ്
കോഴിക്കോട്ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം
(ഹാജർ: ഐഷ പി.എ)

വിഷയം:- ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ, 4-ാം വാർഡിൽ , റി.സ 31-ൽപ്പെട്ട സ്ഥലത്ത് 10310.91 ച.മീ വിസ്തീർണ്ണം വരുന്ന ആയുർവേദ ആശുപത്രിയും മെഡിക്കൽ കോളേജും ഉൾപ്പെടുന്ന കെട്ടിട നിർമ്മാണത്തിനും, ശ്രീ.ജയകൃഷ്ണൻ കൊടമന എന്നവരുടെ അപേക്ഷയിൽ -ലേഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:-ഉണ്ണികുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.07.19.ലെ എ2-8145/18 നമ്പർ കത്ത്

ഉത്തരവ് നമ്പർ സി1-2599/2019/കെ.ഡിസ് തീയ്യതി 04.10.2019

ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ, 4-ാം വാർഡിൽ, റി.സ 31-ൽപ്പെട്ട 39159.18 ച.മീ സ്ഥലത്ത് 10310.91 ച.മീ വിസ്തീർണ്ണം വരുന്ന ആയുർവേദ ആശുപത്രിയും മെഡിക്കൽ കോളേജും ഉൾപ്പെടുന്ന കെട്ടിടനിർമ്മാണത്തിനും (എഫ്.എ.ആർ-0.26, കവറേജ്-8.56%) കെ.പി.ബി.ആർ-2011നും അനുബന്ധഭേദഗതികൾക്കും അനുസൃതമായി താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി ലേഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അനുമതി നൽകുന്നു.

1) പ്ലോട്ടിന്റെ അതിരളവുകൾ, തരം, അപേക്ഷകന് പ്ലോട്ടിൽ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള അവകാശം എന്നിവ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
2) കെട്ടിടങ്ങൾക്ക് ആവശ്യമായ വഴി വീതി ലഭ്യമാകുന്നതിന് നിലവിലുള്ളതിന് പുറമെ പ്ലാനിൽ കാണിച്ചിരിക്കുന്ന രണ്ടാമത്തെ റോഡുകൂടി ആവശ്യമാണ്. ആയതിനാൽ സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ രണ്ടാമത്തെ റോഡ് അപേക്ഷകന് പ്ലോട്ടിലേക്ക് വഴിയായി രൂപപ്പെടുത്തുന്നതിന് തടസ്സമില്ലെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും ആയത് സംബന്ധിച്ച നിബന്ധന അനുമതിയോടൊപ്പം ചേർക്കേണ്ടതുമാണ്.
3) ഫയർഫോഴ്സ് ഡയരക്ടറിൽ നിന്നോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നോ ഉള്ള അംഗീകാരം ലഭ്യമാക്കിയിരിക്കേണ്ടതാണ്.
4) കെ.പി.ബി.ആർ-2011ലെ ചട്ടം 56(8) (9) പ്രകാരം ദ്രവമാലിന്യ സംസ്ക്കരണത്തിനും ആയതിന്റെ പുനരുപയോഗത്തിനുമുള്ള പ്രായോഗിക സംവിധാനം നടപ്പാക്കിയിട്ടുണ്ടെന്ന് ഒക്യുപ്പെൻസി അനുവദിക്കുന്നതിന് മുൻപ് പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
5) ആവശ്യമായ അളവിലുള്ളതും പ്രായോഗികവുമായ മഴവെള്ള സംഭരണി പ്ലോട്ടിൽ സജ്ജമാക്കിയിട്ടുണ്ടെന്ന് ഒക്യുപ്പെൻസി അനുവദിക്കുന്നതിന് മുൻപ് ഉറപ്പുവരുത്തേണ്ടതാണ്.
6) നിർദ്ദിഷ്ട പ്ലോട്ട് വിതാനവ്യത്യാസമുള്ളതായതിനാൽ കെട്ടിട നിർമ്മാണത്തിന് മണ്ണ് മുറിച്ചു മാറ്റലും നികത്തലും ആവശ്യമായി വരുന്നതിനാൽ അത്തരം സ്ഥലങ്ങളിൽ ആവശ്യമായ സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ആവശ്യമായ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്.
7) ചട്ടം 56(3) പ്രകാരം ആവശ്യമായ മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തേണ്ടതും ആയതു സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നിയമാനുസൃത അംഗീകാരം നേടേണ്ടതുമാണ്.

താങ്കളുടെ അപേക്ഷയോടൊപ്പം ലഭിച്ച സൈറ്റ് പ്ലാൻ ടി.പി/എൽ.എ/ 31/2019 എന്ന നമ്പറായി ഇതോടൊന്നിച്ച്ഉള്ളടക്കംചെയ്യുന്നു.

ഐഷ പി.എ
നഗരാസൂത്രക

സ്വീകർത്താവ്: സെക്രട്ടറി, ഉണ്ണികുളം ഗ്രാമപഞ്ചായത്ത്
(1 സെറ്റ് അംഗീകരിച്ച പ്ലാൻ സഹിതം)

പകർപ്പ്:-1 .Sri.Jayakrishnan Kodamana,
Soukhya Ayurveda Health Care , LLP
Reg. No.AA1-5690, Door No.UP1/5031,
Sivapuri Buildings, Kannur...P.O.